**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ സംഘടനാ സംവിധാനം - കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് - പരിഷ്ക്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു**

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(പി)നം. 248/2011/തസ്വഭവ. തീയതി, തിരുവനന്തപുരം, 14/10/2011

---

**പരാമർശം** (1) 13/10/2008 ലെ സ.ഉ (പി) നമ്പർ 272/2008/ത.സ്വ.ഭ.
( 2) 26/07/2011 ലെ സ.ഉ (പി) നമ്പർ 153/2011/ത.സ്വ.ഭ.വ
(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4-10-2011-ലെ കെ.എസ്.എം.-7375/2008 നമ്പർ കുറിപ്പ്.

**ഉത്തരവ്**

കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള വിശദമായ മാർഗ്ഗനിർദേശങ്ങൾ മേൽ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സുഗമവും, സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുള്ള വിശദമായ ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ പരാമർശം (2) പ്രകാരം പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. പരാമർശം മൂന്നിലെ കുറിപ്പ് പ്രകാരം നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ചില ഭേദഗതികൾ വരുത്തണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശം രണ്ട് ഉത്തരവിലെ 2, 4, 5, 10, 12, 16 ഖണ്ഡികളിൽ ചുവടെ ചേർക്കുന്ന പ്രകാരം ഭേദഗതികൾ വരുത്തിയും യഥാക്രമം 17, 18 എന്നീ ഖണ്ഡികകൾ കൂടി ഉൾപ്പെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഖണ്ഡിക **2:** 2012 ജനുവരി 26- ന് പുതിയ ഭരണസമിതികൾക്ക് അധികാരമേൽക്കാൻ സാധിക്കുന്ന വിധത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഖണ്ഡിക **4: പുതിയ അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ:** കുടുംബശ്രീ ബൈലോ പ്രകാരം പുതിയ ഭരണ സമിതികൾ അധികാര

മേൽക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള തീയതിക്ക് <u>90 ദിവസം</u> <u>**മുൻപെങ്കിലും**</u> അഫിലിയേഷൻ നേടിയിട്ടുള്ള അയൽക്കൂട്ടങ്ങൾക്കുമാത്രമേ തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. <u>**ഈ സാഹചര്യത്തിൽ 2011 ഒക്ടോബർ 25 നുള്ളിൽ അഫിലിയേഷൻ നേടിയ അയൽക്കൂട്ടങ്ങൾക്കുമാത്രമേ ത്രിതല സംഘടനാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നു.**</u> പട്ടികജാതി, പട്ടികവർഗ്ഗം, ന്യൂനപക്ഷ വിഭാഗങ്ങൾ, തീരദേശ മത്സ്യ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, തുടങ്ങിയ മുഴുവൻ ബിപിഎൽ കുടുംബങ്ങളേയും കുടുംബശ്രീ സംവിധാനത്തിൽ ഉൾക്കൊള്ളിക്കുന്നതിനാണ് പുതിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(1) **പുതുതായി രൂപീകരിക്കപ്പെട്ട് അഫിലിയേഷൻ തേടുന്ന അയൽക്കൂട്ടങ്ങൾ <u>2011 ഒക്ടോബർ 25-നുള്ളിൽ തന്നെ</u> താഴെപറയുന്ന വ്യവസ്ഥകൾക്കു വിധേയമായി അഫിലിയേഷൻ നേടണം:**

a. സി.ഡി.എസ്. ബൈലോ പ്രകാരമുള്ള അപേക്ഷ-മൂന്നു കോപ്പി.

b. ക്രമ പ്രകാരമുള്ള ത്രിഫ്റ്റ് സമ്പാദ്യ ശേഖരണത്തിനുള്ള തെളിവുകൾ

c. മിനിട്ട്സ് ബുക്ക്, അംഗത്വ രജിസ്റ്റർ, സാമ്പത്തിക രജിസ്റ്റർ, ബാങ്ക് പാസ് ബുക്ക്, അംഗങ്ങളുടെ പാസ് ബുക്ക്.

d. മറ്റേതെങ്കിലും കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗത്വമെടുത്തിട്ടുള്ള വ്യക്തിയോ അതേ കുടുംബത്തിലെ മറ്റൊരാളോ അംഗമാകുന്നില്ലായെന്ന് ഉറപ്പാക്കൽ.

(2) 2011 ഏപ്രിൽ 1 മുതൽക്ക് അഫിലിയേഷൻ പുതുക്കിയിട്ടുള്ള എല്ലാ അയൽക്കൂട്ടങ്ങളും, 2011-12 വർഷത്തേയ്ക്കുള്ള അഫിലിയേഷൻ നേടിയിട്ടുള്ളതിനാൽ പ്രത്യേകിച്ച് അഫിലിയേഷൻ പുതുക്കേണ്ട ആവശ്യമില്ല.

(3) **2011 മാർച്ച് മാസാവസാനത്തിനു മുമ്പു തന്നെ പ്രവർത്തന രംഗത്തുള്ളവയും 2011-12 വർഷത്തേയ്ക്കുള്ള അഫിലിയേഷൻ പുതുക്കാത്തവയോ പുനർ അഫിലിയേഷൻ നേടാത്തവയോ**

ആയ എല്ലാ അയൽക്കൂട്ടങ്ങൾക്കും താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ബൈലോ പ്രകാരമുള്ള 'പുനർ അഫിലിയേഷ'നോ 'അഫിലിയേഷൻ പുതുക്ക'ലോ 2011 നവംബർ 20-നകം നേടി തിരഞ്ഞെടുപ്പിന് അർഹരാകാവുന്നതാണ്.

a) **അയൽക്കൂട്ടത്തിന്റെ** മിനിട്ട്സ്, അംഗത്വ രജിസ്റ്റർ, സാമ്പത്തിക **രജിസ്റ്ററുകൾ,** ബാങ്ക് പാസ് ബുക്ക്, അംഗങ്ങളുടെ പാസ് ബുക്ക് എന്നിവ കൃത്യമായി രേഖപ്പെടുത്തിയനിലയിലുള്ളവ ഹാജരാക്കിയിരിക്കണം.

b) അയൽക്കൂട്ടത്തിന്റെ രൂപീകരണ വേളയിൽ ഉള്ള അംഗങ്ങളുടെ 50% അംഗങ്ങളെങ്കിലും അവസാന അംഗത്വപട്ടികയിൽ ഉൾപ്പെട്ടിരിക്കണം.

c) നിലവിൽ അയൽക്കൂട്ടത്തിന്റെ പക്കലുള്ള അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

ഖണ്ഡിക 5: **അഫിലിയേഷൻ സർട്ടിഫിക്കറ്റ്:** സംഘടനാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അയൽക്കൂട്ടങ്ങൾക്കുള്ള അർഹതയും, കാലഗണനയും ഉറപ്പുവരുത്തുന്നതിനുള്ള പ്രധാന രേഖയാണ് അഫിലിയേഷൻ സർട്ടിഫിക്കറ്റ്. അഫിലിയേഷൻ സർട്ടിഫിക്കറ്റുകൾ അയൽക്കൂട്ടങ്ങൾക്ക് യഥാസമയം നൽകേണ്ട/ പുതുക്കി നൽകേണ്ട ചുമതല കുടുംബശ്രീ സിഡിഎസ് മെമ്പർ സെക്രട്ടറിമാർക്കാണ്. ആയത് യഥാസമയം പുതുക്കിയെന്നും മെമ്പർ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്. അംഗത്വ / അഫിലിയേഷൻ രജിസ്റ്ററുകൾ നാളതീകരിക്കുന്നതിന്റെയും, തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അർഹമായ അയൽക്കൂട്ടങ്ങളുടേയും അർഹരായ അംഗങ്ങളുടെയും വിവരങ്ങൾ നിർണ്ണയിക്കുന്നതിനുമായി അംഗത്വ-അഫിലിയേഷൻ രജിസ്റ്റർ സീൽ ചെയ്ത് വരണാധികാരിക്ക് കൈമാറുന്നതിന്റേയും ഉത്തരവാദിത്വവും സിഡിഎസ് മെമ്പർ സെക്രട്ടറിമാർ കൃത്യമായി നിർവ്വഹിക്കേണ്ടതാണ്. ഇതിനായി മുദ്രവച്ച അഫിലിയേഷൻ രജിസ്റ്ററുകളും എ.ഡി.എസ്സുകളുടെ ലിസ്റ്റുകളും ***2011 നവംബർ 30-ന്*** മുൻപായി അതത് റിട്ടേണിംഗ് ഓഫീസർക്ക് അനുബന്ധമായി നൽകിയ മാതൃകയിൽ, സിഡിഎസ് മെമ്പർ സെക്രട്ടറിമാർ ഒപ്പും സീലും വെച്ച് കൈമാറേണ്ടതാണ്.

ഖണ്ഡിക 10: **ബിപിഎൽ ലിസ്റ്റ് പരിശോധന:** ത്രിതല സംഘടനാ സംവിധാനങ്ങളുടെ ഭരണ സമിതി ഭാരവാഹി സ്ഥാനങ്ങളിൽ ബിപി

എൽ വിഭാഗക്കാർക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥാനങ്ങളിൽ അവർ തന്നെയാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് ബിപിഎൽ ലിസ്റ്റ് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി നിലവിലുള്ള ബിപിഎൽ ലിസ്റ്റ് കുടുംബശ്രീ സിഡിഎസിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന റിട്ടേണിംഗ് ഓഫീസർ, അസി. റിട്ടേണിംഗ് ഓഫീസർ എന്നിവർക്ക് ആവശ്യമായ സന്ദർഭത്തിൽ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു. അയ ൽക്കൂട്ടങ്ങളിലെ ബി.പി.എൽ അംഗങ്ങളെ നിശ്ചയിക്കുന്നതു സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവലംബിച്ചു വരുന്ന ബി.പി.എൽ രേഖ ആധാരമാക്കേണ്ടതാണ്.

ഖണ്ഡിക 12: **തെരഞ്ഞെടുപ്പ് വിജ്ഞാപനം:** ത്രിതല സംഘടനാ തെരഞ്ഞെടുപ്പിനുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം ***2011 ഡിസംബർ 1-ന് മുമ്പ് പുറപ്പെടുവിക്കുന്നതിനും,*** ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് ചുവടെ ചേർക്കുന്ന തരത്തിൽ പൂർത്തീകരിക്കുന്നതിനും ജില്ലാ കളക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്. ഓരോ തെരഞ്ഞെടുപ്പ് ഘട്ടത്തിനു ശേഷവും 5 (അഞ്ച്) ദിവസത്തെ ഇടവേളയെങ്കിലും ഉണ്ടായിരിക്കണം.

- **ആദ്യ ഘട്ടം:** അയൽക്കൂട്ട തെരഞ്ഞെടുപ്പ് – 2011 ഡിസംബർ 20 മുതൽ 31 വരെ
- **രണ്ടാം ഘട്ടം:** എഡിഎസ് തെരഞ്ഞെടുപ്പ് – 2012 ജനുവരി 5 മുതൽ 10 വരെ.
- **മൂന്നാം ഘട്ടം:** സിഡിഎസ് തെരഞ്ഞെടുപ്പ് – 2012 ജനുവരി 20 നുള്ളിൽ
- **പുതിയ ത്രിതല സംഘടനാ സമിതികളുടെ ചുമതല കൈമാറ്റം 2012 ജനുവരി 26-ന്**

16. **അയൽക്കൂട്ട അഫിലിയേഷൻ:** രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള രീതിയും, നടപടിക്രമവും അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ/രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ/ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും, തീർപ്പാക്കുന്നതിനും ചുവടെ ചേർക്കുന്ന രീതി അനുവർത്തിക്കേണ്ടതാണ്. അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ/രജിസ്ട്രേഷനുമായി ബന്ധപ്പെട്ട

പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിലയിരുത്തൽ സമിതിയുടെ നേതൃത്വത്തിലുള്ള സംവിധാനത്തെ ചുമതലപ്പെടുത്തുന്നു. അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ/ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതി രേഖാമൂലം ബന്ധപ്പെട്ട അയൽക്കൂട്ടത്തിന്റെ സെക്രട്ടറി വിലയിരുത്തൽ സമിതി അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതാണ്. ഇത്തരം പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് വിലയിരുത്തൽ സമിതിയുടെ പ്രത്യേക യോഗം ചേരേണ്ടതാണ്. താഴെപറയുന്ന മാനദണ്ഡങ്ങളും തെളിവുകളും പരിശോധനക്കായി പരിഗണിക്കാവുന്നതാണ്:

(എ) അപേക്ഷ/ പരാതി സെക്രട്ടറിയോ സെക്രട്ടറിയും പ്രസിഡന്റും സംയുക്തമായോ നൽകിയിരിക്കണം

(ബി) പുതിയ അയൽക്കൂട്ട അഫിലിയേഷൻ നേടുന്നതിന് 2011 ഒക്ടോബർ 25-നോ അതിനു മുമ്പോ, അഫിലിയേഷൻ പുതുക്കൽ/ പുനർ അഫിലിയേഷൻ നടത്തുന്നതിന് 2011 നവംബർ 20-ന് മുമ്പോ ബൈലോ പ്രകാരമുള്ള (അനുബന്ധം-1) അപേക്ഷ നൽകിയിരിക്കണം.

അഫിലിയേഷനുള്ള അപേക്ഷ, അയൽക്കൂട്ട മിനിട്ട്സ്, ബാങ്ക് പാസ് ബുക്ക്, ബാങ്ക് സ്റ്റേറ്റുമെന്റുകൾ/ ഓഡിറ്റ് രേഖകൾ തുടങ്ങിയ അധികൃത രേഖകൾ പരിശോധിച്ച് ഇവ ഉറപ്പുവരുത്താവുന്നതാണ്.

പരാതി/ ആക്ഷേപം ലഭിച്ച് 10 ദിവസത്തിനുള്ളിൽ ഇത് സംബന്ധിച്ച തീരുമാനം വിലയിരുത്തൽ സമിതി കൈക്കൊള്ളേണ്ടതാണ്. വിലയിരുത്തൽ സമിതിയുടെ തീരുമാനം രേഖാമൂലം ബന്ധപ്പെട്ട അയൽക്കൂട്ടം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. വിലയിരുത്തൽ സമിതിയുടെ തീരുമാനത്തിന്മേൽ ബന്ധപ്പെട്ട അയൽക്കൂട്ടത്തിനോ എ.ഡി.എസ്സിനോ സി.ഡി.എസ്സിനോ പരാതികളോ, ആക്ഷേപമോ ഉണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് തീർപ്പാക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തുന്നു. വിലയിരുത്തൽ സമിതി തീരുമാനമെടുത്ത് 7 ദിവസത്തിനകം ഇത് സംബന്ധിച്ച അപ്പീൽ ജില്ലാകളക്ടർക്ക് നൽകേണ്ടതാണ്. ഇതിനനുസൃതമായി മേൽ പറഞ്ഞ രജിസ്റ്ററുകളുടേയും, രേഖകളുടേയും സഹായത്തോടെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അയൽക്കൂട്ടങ്ങളുടെ അർഹതയെ സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാകളക്ടർ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലാകളക്ടറുടെ നിർദേശം/ തീരുമാനം അന്തിമമായിരിക്കും.

<u>പുതുതായി ഉൾപ്പെടുത്തുന്നവ</u>

17. സാക്ഷരതാ പ്രേരക്, അംഗൻവാടി പ്രവർത്തക, ആശാവർക്കർ മുതലായ സർക്കാർ ഹോണറിറേയം / പ്രതിഫലം പറ്റി സേവനം

**അനുഷ്ഠിക്കുന്നവർ** സി.ഡി.എസ്. ചെയർപേഴ്സൺ, എ.ഡി.എസ്. **ചെയർപേഴ്സൺ**/ വൈസ് ചെയർപേഴ്സൺ, സി.ഡി.എസ്. സബ് കമ്മിറ്റി കൺവീനർ എന്നീ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ അർഹരായിരിക്കുന്നതല്ല.

18. 2012 ജനുവരി 26–ന് പുതിയ ത്രിതല ഭരണ സമിതികൾ അധികാരമേൽക്കുന്നതുവരെ കുടുംബശ്രീ സി.ഡി.എസ്. ബൈലോ അനുച്ഛേദം 16.5.3 പ്രകാരം നിലവിലുള്ള ഭരണ സമിതികൾ തുടരേണ്ടതാണ്.

പരാമർശം (2)–ലെ ഉത്തരവ് മേൽപ്രകാരം ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും.
നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർക്കും
എല്ലാ സിഡിഎസ്/എഡിഎസുകൾക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ. പി. ഒ.,
തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*അനുബന്ധം*

## അർഹതനേടിയ അയൽക്കൂട്ടാംഗങ്ങളുടെ ലിസ്റ്റ് മെമ്പർ സെക്രട്ടറി റിട്ടേണിംഗ് ഓഫീസർക്ക് കൈമാറേണ്ട ഫോറം.

| ക്രമ നം. | അഫിലിയേഷൻ പുതുക്കിയ തീയതി | അയൽക്കൂട്ടത്തിന്റെ പേര് | രൂപീകരിച്ച തീയതി | അംഗങ്ങളുടെ എണ്ണം | | | | | ആകെ അംഗങ്ങൾ |
|---|---|---|---|---|---|---|---|---|---|
| | | | | ബി.പി.എൽ. | എ.പി.എൽ. | എസ്.സി. | എസ്.ടി. | ആകെ | |
| | | | | | | | | | |

### സത്യപ്രസ്താവന

മുകളിലെ വിവരങ്ങൾ അഫിലിയേഷൻ രജിസ്റ്റർ പ്രകാരം തയ്യാറാക്കിയതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം
തീയതി

മെമ്പർ സെക്രട്ടറി (പേര്, ഒപ്പ്)
പദവി

(സീൽ)